**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5502** **03-11-2021 - ൽ മറുപടിയ്ക്ക്**

**പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിന് ഭൂമിയേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2021-2022 ലെ ബജറ്റിൽ ഉൾപ്പെടുത്തി കൊല്ലം പാരിപ്പള്ളി ഗവണ്മെമെന്റ് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | G.O(Rt) No.1391/2021 dtd 29/06/2021 ഉത്തരവ് പ്രകാരം കൊല്ലം, മഞ്ചേരി മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറിനെ നിയമിച്ചിട്ടുണ്ട്. തുടർന്ന് ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്പെഷ്യൽ ഓഫീസർ ഫോർ ന്യൂ നഴ്സിംഗ് കോളേജസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്ലാനിംഗ് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു ടീം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് സന്ദർശിക്കുകയും പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഒരു വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി 05/10/2021-ൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരികയാണ്. |
| (ബി) | 2021 - 2022 ലെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള കൊല്ലം പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) | കൊല്ലം ഗവ.മെഡിക്കൽ കോളേജിന്റെ വികസനത്തിനായി അധിക ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടി ആവശ്യത്തിനായി അധിക ഭൂമി കണ്ടെത്തുകയും അതിന്റെ ഏകദേശ വില സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ